കേരളം സർക്കാർ
പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം
ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്
തമ്പാനൂർ, തിരുവനന്തപുരം-695001
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

<u>വിജ്ഞാപനം</u>

<u>കീം-2026</u>

<u>ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം - മൂന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു</u>

2026 ലെ ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/അഗ്രികൾച്ചർ/ഫോറസ്ട്രി/ ഫിഷറീസ്/ വെറ്ററിനറി/ കോ-ഓപ്പറേഷൻ & ബാങ്കിംഗ്/ ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്/ബി.എസ്.സി.-എം.എസ്.സി. (ഇന്റഗ്രേറ്റഡ്) ബയോളജി/ബി.എസ്.സി.-എം.എസ്.സി. (ഇന്റഗ്രേറ്റഡ്) മൈക്രോബയോളജി/ ബി.എസ്.സി. (ഹോണേഴ്സ്) ഹോർട്ടികൾച്ചർ / ബി.ടെക് ബയോടെക്നോളജി (കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ളത്) കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **29.10.2026** ന് പ്രസിദ്ധീകരിച്ച താത്ക്കാലിക അലോട്ട്മെന്റ് സംബന്ധിച്ച് നിശ്ചിത സമയത്തിനുള്ളിൽ ലഭിച്ച സാധുവായ പരാതികൾ പരിഹരിച്ചശേഷമാണ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. അഖിലേന്ത്യാ ക്വോട്ടയിൽ പ്രവേശനം നേടിയ അപേക്ഷകരെ ഒഴിവാക്കിയാണ് അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ടമെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവരവരുടെ ഹോം പേജിലെ **'Data sheet'** എന്ന മെനു ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് പ്രിന്റ് ചെയ്തെടുക്കാവുന്നതാണ്. പ്രവേശനം നേടുന്ന സമയത്ത് ഡാറ്റാ ഷീറ്റ്, അലോട്ട്മെന്റ് മെമ്മോ, പ്രോസ്പെക്ടസ് ക്ലോസ് 11.7.1 പ്രകാരമുള്ള രേഖകൾ എന്നിവ കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ള മുഴുവൻ ഫീസും ഒടുക്കിയശേഷം **03.11..2026 വൈകുന്നേരം 4:00** മണിക്കുള്ളിൽ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി/മത്സ്യത്തൊഴിലാളികളുടെ മക്കൾ/ഒ.ഇ.സി ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ, 20.06.2005 തീയതിയിലെ G.O.(Ms)No.25/2005/SCSTDD, 23.05.2014 തീയതിയിലെ G.O.(Ms)No.10/2014/BCDD എന്നീ സർക്കാർ

ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും അഡ്മിഷൻ സമയത്ത് ട്യൂഷൻ ഫീസ് അടയ്ക്കേണ്ടതില്ല. സ്വകാര്യ സ്വാശ്രയ ആയുഷ് കോളേജുകളിൽ മാനേജ്മെന്റ് സീറ്റുകളിൽ അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം, മേൽ വിദ്യാർത്ഥികൾ ഫീസ് ആനുകൂല്യത്തിന് അർഹരായിരിക്കില്ല.

മൂന്നാംഘട്ട അലോട്ട്മെന്റിന് ശേഷം ആയുർവേദ/ ഹോമിയോ/ സിദ്ധ/യുനാനി/ മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ നിലവിൽ വരുന്ന ഒഴിവുകൾ സ്ട്രേ വേക്കൻസി ഫില്ലിംഗിലൂടെ നികത്തുന്നതാണ്. സ്ട്രേ വേക്കൻസി ഫില്ലിംഗ് സംബന്ധിച്ച വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

പ്രത്യേക ശ്രദ്ധയ്ക്ക്: *അലോട്ട്മെന്റ് ലഭിച്ചവരിൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം നേടാത്ത മുഴുവൻ വിദ്യാർത്ഥികളുടെ ലഭിച്ച അലോട്ട്മെന്റ് റദ്ദാകുന്നതാണ്. കീം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം പെനാൽറ്റി ഈ ഘട്ടത്തിൽ ബാധകമാണ്.*

പ്രവേശനം സംബന്ധിച്ച സർക്കാർ ഉത്തരവുകളും പ്രോസ്പെക്ടസും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനായി എല്ലാ വിദ്യാർത്ഥികളും മേൽ വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്.

ഹെൽപ് ലൈൻ നമ്പർ : 04712332120, 2338487

Digitally signed by
Sameer Kishan
Date: 30-10-2026
16:04:30

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
30-10-2026